സഹകരണ ടൈൽ ഫാക്ടറികളിലെ സെയിൽസ് ടാക്സ് ഒഴിവാക്കാൻ നടപടി

16 (1811) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റേയും ഖാദിബോർഡിന്റേയും കീഴിൽ പ്രവർത്തിക്കുന്ന സഹകരണ ടൈൽ ഫാക്ടറികളെ സെയിൽസ് ടാക്സ് പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ അവ എന്തൊക്കെയാണ് വ്യക്തമാക്കുമോ ;

(സി) പൂർണ്ണ തകർച്ചയെ നേരിടുന്ന ഓട് വ്യവസായത്തെ സംരക്ഷിക്കുവാൻ സെയിൽസ് ടാക്സ് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിൽ നിന്നും സംഘം ഈടാക്കിയിരുന്ന 14-10-98 മുതൽ 31-12-1999-വരെയുള്ള കാലത്തെ നികുതി അടയ്ക്കുന്നതിന് മാസഗഡുക്കൾ അനുവദിക്കണമെന്നും പ്രസ്തുത കാലയളവിലെ പിഴപ്പലിശ ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. അതിൻ പ്രകാരം വില്പന നികുതി തുക അടയ്ക്കുന്നതിന് ആറ് തവണകൾവരെ അനുവദിക്കുന്നതിന് അസസിംഗ് അധികാരിക്ക് അധികാരമുണ്ടെന്നും, പിഴപ്പലിശ ഒഴിവാക്കാൻ നിയമം ഇല്ലെന്നും പരാതിക്കാരനെ അറിയിച്ചിട്ടുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല. സംസ്ഥാനത്ത് ചുളയിൽ ഉൽപ്പാദിപ്പിക്കുന്ന ചുടുകട്ടയ്ക്കും ഓടിനും 4% ആണ് വില്പന നികുതി. ഈ ഉല്പന്നങ്ങൾക്ക് സംസ്ഥാന പൊതുവില്പന നികുതിയോ കേന്ദ്ര വില്പന നികുതിയോ അടയ്ക്കുന്ന പക്ഷം ഇവ ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ കളിമണ്ണ്, വിറക് എന്നിവയിൻമേലുള്ള വാങ്ങൽ നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

വിവിധ ട്രൈബ്യൂണലുകളിലായി കെട്ടിക്കിടക്കുന്ന നികുതിയിടപാട് കേസ്സുകൾ

17 (1812) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എൻ. രാജൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതിയിടപാടുകൾ സംബന്ധിച്ചുള്ള എത്ര കേസ്സുകൾ വിവിധ ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly